**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6220** **10-07-2024 - ൽ മറുപടിയ്ക്ക്**

**വനവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനവൽക്കരണത്തിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും ആശുപത്രികളിലും ലഭ്യമായ സ്ഥലങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | വനവത്കരണത്തിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും ആശുപത്രികളിലും ലഭ്യമായ സ്ഥലങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ട്. ടി പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1)**വിദ്യാവനം** - വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചെറുവനങ്ങളുടെ മാതൃകകൾ സൃഷ്ടിക്കുന്നതിനും വനത്തിന്റെ സംരക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിനും വേണ്ടി സ്കൂളുകൾ, കോളേജുകൾ എന്നിവയിൽ ലഭ്യമായ സ്ഥലങ്ങളിൽ വിദ്യാവനം സ്ഥാപിച്ച് നൽകുന്നു.<br><br>2) **ഔഷധ തോട്ടം-** ആയുർവേദ മരുന്നുകളുടെ ഉപയോഗവും അതിന്റെ ചികിത്സാമൂല്യവും ലോകമെമ്പാടും പ്രചാരം നേടുന്ന ഈ കാലത്ത് ഹെർബൽ, ഔഷധ സസ്യങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് അവ പ്രചരിപ്പിക്കുന്നതിനും ജനകീയമാക്കുന്നതിനും വേണ്ടിയാണ് ടി പദ്ധതിനടപ്പിലാക്കിവരുന്നത്. കൂടാതെ ഔഷധസസ്യങ്ങളുടെപ്രാധാന്യത്തെപ്പറ്റിയും ആയുർവേദ ചികിത്സാരീതിയെ സംബന്ധിച്ചും പുതുതലമുറയിൽ വിശ്വാസം ഊട്ടിയുറപ്പിക്കുന്നതിനും കൂടി വേണ്ടിയാണ് സ്കൂളുകളിലും കോളേജുകളിലും ഔഷധത്തോട്ടം സ്ഥാപിക്കുന്നത്.<br><br>3) **ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്** -പൊതു/സ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ ലഭ്യമായ ഭൂമിയിൽ പ്ലാന്റിംഗ് നടത്തിവരുന്നു. നക്ഷത്രവനം, ബയോ ഡൈവേഴ്സിറ്റി പാർക്ക്, ബാംബൂ സെറ്റം, ശലഭോദ്യാനം മുതലായ പ്രവൃത്തികളും ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗിന്റെ ഭാഗമായിചെയ്തുവരുന്നു.<br><br>4) **നഗരവനം** - നഗര പ്രദേശങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിലും, സ്ഥാപനങ്ങളിലും പദ്ധതി നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നു. |
| (ബി) | ചെടികൾ വച്ച് പിടിപ്പിക്കുന്നതോടൊപ്പം അതിന്റെ പരിപാലനത്തിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ? ? | (ബി) | ഇത്തരം പദ്ധതികളിലൂടെ നട്ടുപിടിപ്പിക്കുന്ന തൈകളുടെ പരിപാലനം അതത് സ്ഥാപനങ്ങളിൽ/ സ്ഥലത്തിന്റെ കസ്റ്റോഡിയനിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ